**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1929** **11-10-2024 - ൽ മറുപടിയ്ക്ക്**

**ചെറുവാടി സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊടിയത്തൂർ പഞ്ചായത്തിലെ ചെറുവാടി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ ആസ്തി വികസനം/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എയിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. 'ഒരു പഞ്ചായത്തിന് ഒരു കളിക്കളം' പദ്ധതിയിൽ ഉൾപ്പെടുന്ന തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൊടിയത്തൂർ സ്റ്റേഡിയം/ ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി ഇപ്രകാരം ഫണ്ട് അനുവദിച്ചതായി അറിയിപ്പ് ലഭിച്ചിട്ടില്ല. അതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ ആസ്തി വികസനം/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എയിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. 'ഒരു പഞ്ചായത്തിന് ഒരു കളിക്കളം' |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ ഉൾപ്പെടുന്ന തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൊടിയത്തൂർ സ്റ്റേഡിയം/ ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണത്തിനായി ഇപ്രകാരം ഫണ്ട് അനുവദിച്ചതായി അറിയിപ്പ് ലഭിച്ചിട്ടില്ല. അതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ